**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3197** **11-03-2025 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിലെ കംപ്യൂട്ടർ ഉപകരണങ്ങളുടെ പരിപാലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ലഭ്യമാക്കിയ കംപ്യൂട്ടർ ഉപകരണങ്ങൾ ഉപയോഗശൂന്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കംപ്യൂട്ടർ ഇല്ലാതെ കുട്ടികളുടെ പഠനം മുടങ്ങുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ സർക്കാരിന്റെ വിവിധ പദ്ധതികൾ, എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, സന്നദ്ധ സംഘടനകൾ, പി.ടി.എ. എന്നിവ വഴി ഓരോ സ്കൂളിലും എത്ര കംപ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ടെന്നും വിശദമാക്കാമോ; വിശദമായ കണക്ക് പട്ടിക തിരിച്ച് നൽകാമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) | ഇത്തരത്തിൽ ലഭിച്ച കംപ്യൂട്ടറുകളുടെയും ലാപ്ടോപ്പുകളുടെയും വാർഷിക പരിപാലനം ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്നും അവരുടെ പ്രവർത്തനം എങ്ങനെയാണെന്നും വിശദമാക്കാമോ? | (ഡി) | ഐ.ടി.@ സ്കൂൾ മുഖേനയല്ലാതെ ലഭ്യമായ കമ്പ്യൂട്ടറുകളുടെയും ലാപ്ടോപ്പുകളുടെയും വാർഷിക പരിപാലനം അതാത് സ്കൂളുകൾ തന്നെയാണ് ചെയ്തുവരുന്നത്. കെൽട്രോൺ മുഖേന ലഭ്യമാക്കിയ കമ്പ്യൂട്ടറുകൾക്ക് 5 വർഷം വാറണ്ടി നൽകി കെൽട്രോൺ പരിപാലനം ചെയ്തു വരുന്നു.<br><br>സ്കൂളുകൾക്ക് കൈറ്റ് ലഭ്യമാക്കിയ ഉപകരണങ്ങൾക്ക് 5 വർഷ വാറണ്ടി അവസാനിക്കുന്ന മുറയ്ക്ക് ലാപ്ടോപ്പുകൾക്ക് ടെണ്ടർ വിളിച്ച് AMC സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്. 2023-24 ൽ ഹൈടെക് സ്കൂൾ പദ്ധതിയിലെ 32,278 ഉം ഹൈടെക് ലാബ് പദ്ധതിയിലെ 1,831 ഉം ലാപ്ടോപ്പുകളും 42,866 പ്രൊജക്ടറുകളും 2024-25 ൽ ഹൈടെക് സ്കൂൾ പദ്ധതിയിലെ 60,120 ഉം ഹൈടെക് ലാബിലെ 2,057 ഉം ലാപ്ടോപ്പുകളും ടെണ്ടർ പ്രക്രിയയിലൂടെ തെരഞ്ഞെടുത്ത M/s. Puthur Infotech Pvt. Ltd. നേയും 2024-25 ൽ ഹൈടെക് ലാബ് പദ്ധതിയിലെ |

| | | | |
|---|---|---|---|
| | | | 54,916 ലാപ്ടോപ്പുകൾ M/s. Misuvi Sales Co.-യേയും ഹൈടെക് സ്കൂൾ പദ്ധതിയിലെ 66,209 ലാപ്ടോപ്പുകൾ M/s. Excel Systems-നേയും ലാപ്ടോപ്പ്, പ്രൊജക്ടർ എന്നിവയുടെ വാർഷിക പരിപാലനത്തിന് ഏൽപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ